# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 519

06.02.2013 ൽ മറുപടിയ്ക്ക്

## കോർ ബാങ്കിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകൾക്ക് സമ്പൂർണ്ണ കോർ ബാങ്കിംഗ് പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ നിലവിൽ സംസ്ഥാന സഹകരണ ബാങ്കും, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളും, കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ജില്ലാ സഹകരണ ബാങ്കുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാസഹകരണ ബാങ്കുകൾ നബാർഡുമായി MOU ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ പത്തനംതിട്ട, പാലക്കാട്, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ സ്വന്തം നിലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കി വരികയാണ്. അർബൻ ബാങ്കുകളിലും കോർബാങ്കിംഗ് |

| | | |
|---|---|---|
| | | പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം യോഗ്യതയുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി, മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന കോർ ബാങ്കിംഗ് സിസ്റ്റമാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. ആയതു നടപ്പിലാകുന്നതോടു കൂടി കൊമേഴ്സ്യൽ ബാങ്കുകളിൽ നൽകിവരുന്ന എല്ലാ സേവനങ്ങളും സഹകരണ ബാങ്കുകളിൽ നിന്നും ലഭ്യമാക്കാൻ സാധിക്കും എന്നുള്ളതാണ് പ്രധാന നേട്ടം. |
| (സി) | ഏത് ഏജൻസി വഴിയാണ് ഇത് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | (സി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാസഹകരണ ബാങ്കുകൾ നബാർഡുമായി MOU ഒപ്പുവച്ചിട്ടുണ്ട്. അർബൻ ബാങ്കുകളിൽ NAFCUB ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളും/സർവീസ് സഹകരണ ബാങ്കുകളും സ്വന്തം നിലയിലാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | സഹകരണ ബാങ്കുകളിൽ എ.ടി.എം. സ്ഥാപിക്കുന്ന കാര്യം പാക്കേജിൽ ഉൾപ്പെടുത്തുമോ? | (ഡി) | എ.ടി.എം സൗകര്യം ഉൾപ്പെടുന്ന കോർ ബാങ്കിംഗ് സിസ്റ്റമാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ